# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4237 — 24.06.2019 -ലെ മറുപടി

**അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ**

**ചോദ്യം**

**ശ്രീ.ഷാഫിപറമ്പിൽ**
**,, അനൂപ് ജേക്കബ്**
**,, എ.പി. അനിൽ കുമാർ**
**,, എം. വിൻസെന്റ്**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ജലചൂഷണം നടത്തുന്ന മാഫിയ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ജലചൂഷണം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത പരാതികളിന്മേൽ സ്ഥലസന്ദർശനം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ഹോട്ടൽ, റിസോർട്ട് എന്നിവിടങ്ങളിൽ വെള്ളം വില്പന നടത്തുന്നത് തടയാൻ നടപടികൾ സ്വികരിക്കുമോ; | ബി) | സംസ്ഥാനത്ത് ജലചൂഷണം നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരമുള്ള നിയമനടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്. അമിതമായി ഭൂജലം ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടാൽ പ്രസ്തുത ഉപയോഗം നിർത്തിവെക്കാനും പമ്പിംഗിന് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | നാട്ടിൻപുറങ്ങളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്താൻ വാട്ടർ അതോറിറ്റി പരാജയപ്പെട്ടതാണ് ഈ മാഫിയകൾ തഴച്ചുവളരാൻ കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) | വിവരം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**